# THE BIBLE TRUTH

JANUARY YEAR: 2022



# ബൈബിൾ ട്രൂത്ത്

**പിതാവായ ദൈവം**

↓

**പുത്രനായ ക്രിസ്തു മുഖാന്തരം**

↓

**അപ്പൊസ്തലന്മാർക്ക് നൽകി**

↓

**അപ്പൊസ്തലന്മാർ മുഖാന്തരം**

↓

**സർവ്വ ലോകത്തിനും നൽകി**

↓

**ആ രക്ഷാദൂത് സകല മനുഷ്യരും അനുസരിക്കണം**

- *രക്ഷിക്കപ്പെടുന്നവരെ കർത്താവ് സഭയോടു ചേർക്കുന്നു.*
- *നാമധേയ വിഭാഗങ്ങളെല്ലാം ദൈവ പദ്ധതിക്കു പുറത്താണ്.*
- *കൃപയാൽ സൗജന്യമായത്രെ ദൈവം രക്ഷിക്കുന്നത്.*
- *വിശ്വസിക്കുന്നവർ പാപങ്ങളെ വിട്ട് മാനസാന്തരപ്പെടും.*
- *പാപമോചനത്തിന് ക്രിസ്തുവിന്റെ ഉപദേശം അനുസരിക്കണം.*
- *നിത്യജീവന്റെ വചനമാണ് പുതിയ നിയമത്തിലുള്ളത്.*
- *പിതാവിന്റെ ഉപദേശപ്രകാരമാണ് ക്രിസ്തു സംസാരിച്ചത്.*

# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 38** **Jnuary 2022** **No.01**

# എഡിറ്റോറിയൽ

ദൈവശ്വാസിയമായ എഴുത്തുകളാണ് ബൈബിളിൽ ഉള്ളത്. പഴയ നിയമവും പുതിയ നിയമവും കൂടിച്ചേർന്ന പുസ്തകത്തിലെ സത്യം ലോകത്തിലെ ഒരു മനുഷ്യനും അവഗണിക്കാവുന്നതല്ല. ക്രിസ്തുവിന്റെ മരണശേഷം നിലവിൽ വന്ന പുതിയ നിയമത്തിലാണല്ലോ സുവിശേഷം ഉൾക്കൊണ്ടിരിക്കുന്നത്. സുവിശേഷം എന്നതു ക്രിസ്തുവന്റെ മരണം, അടക്കം, ഉയിർപ്പു എന്നിവയാണ്. യേശു ലോകത്തിലേക്കു വന്നു മനുഷ്യനായി ജനിച്ചതും ജീവിച്ചതും മരിക്കുവാനായിരുന്നു. പക്ഷെ അവൻ മരിച്ചതു നാം ജീവിക്കേണ്ടതിനായിരുന്നു. പലർക്കും ഈ അത്മിക സത്യം ഒരു ഓർമ്മയായി ഇന്നും അവശേഷിച്ചിരിക്കയാണ്. ജഡികമായ ആവശ്യങ്ങൾക്കു വേണ്ടി യേശുക്രിസ്തുവിൽ ആശ്രയം വെച്ചുകൊണ്ടിരിക്കുന്നവർ ധാരാളമുണ്ട്. മതങ്ങളും മത സംഘടനകളും ഒരുപാടു കാര്യങ്ങൾ ചെയ്യുന്നുണ്ട്. പക്ഷെ അവർ ദൈവിക സത്യത്തിലേക്കു വരുന്നില്ല. പാരമ്പര്യ വിശ്വാസ പ്രമാണങ്ങളാലും മാനുഷ ഉപദേശങ്ങളാലും ആണ് ആളുകൾ നയിക്കപ്പെടുന്നത്. ആത്മാവിനെക്കുറിച്ചോ, ആത്മാവിന്റെ രക്ഷയെക്കുറിച്ചോ അവർ അധികം ചിന്തിക്കുന്നില്ല. അതു

കൊണ്ടുണ്ടാകുന്ന ഫലം അവരുടെ ജീവിതത്തിൽ ദൃശ്യമാണ്.

പുതിയ നിയമത്തിൽ ക്രിസ്തുവുമായി ബന്ധപ്പെടുന്ന സുവിശേഷം ഒന്നു മാത്രമാണ്. കാരണം ക്രിസ്തുവിന്റെ യാഗത്താലാണ് നമ്മെ രക്ഷിക്കുന്നത്. ഭൂമിയിൽ മനുഷ്യരുടെ പാപങ്ങൾ മോചിക്കുവാനുള്ള അധികാരം മനുഷ്യപുത്രനാണുള്ളത്. അവൻ മാത്രമാണ് മനുഷ്യർക്കും ദൈവത്തിനും തമ്മിലുള്ള ഏക മദ്ധ്യസ്ഥൻ. മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേറ്റവൻ ക്രിസ്തു മാത്രമാണ്. മനുഷ്യവർഗ്ഗത്തെ പാപത്തിൽ നിന്നും ഉദ്ധരിച്ചു അവരെ നീതീകരിക്കുവാൻ അവൻ യോഗ്യനായി. പാപങ്ങളെ പോക്കി ശുദ്ധീകരിപ്പാൻ മതിയായ രക്തം ആയിരുന്നു ക്രിസ്തുവിന്റേത്. ക്രിസ്തുവിന്റെ കല്പനകൾ ആളുകൾ ഹൃദയപൂർവ്വം അനുസരിക്കുകയാണ് വേണ്ടത്. അപ്പൊസ്തലന്മാർക്കു ദൈവനിയോഗം ലഭിച്ചു അവർ പ്രസംഗിക്കുകയും എഴുതുകയും ചെയ്തു. അങ്ങനെ വചനം പൂർണ്ണമായി എഴുതിയശേഷം അവർ തന്നെയോ, അല്ലെങ്കിൽ സ്വർഗ്ഗത്തിൽ നിന്നു ഒരു ദൂതനാണെങ്കിൽ പോലും നല്കപ്പെട്ട സുവിശേഷത്തിനു പിവരീതമായി മറ്റൊന്ന് അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ എന്നു തീർത്തു പറഞ്ഞിരിക്കുന്നു. ഇതിൽ നിന്നും സുവിശേഷത്തിന്റെ പ്രാധാന്യത്ത മനസ്സിലാക്കാമല്ലൊ. കർത്താവിന്റെ വിശുദ്ധമായ സുവിശേഷം കലർപ്പില്ലാതെ ആളുകൾ സ്വീകരിച്ചാൽ അതിന്റെ ഫലം സ്പഷ്ടമാണ്.

ഇന്നു സുവിശേഷം പല രൂപത്തിലും ഭാവത്തിലും ലോകത്തിൽ കേൾക്കുന്നുണ്ട്. എന്നാൽ ഏതാണ്ട് സത്യസുവിശേഷം അല്ലെങ്കിൽ മായം കലരാത്ത സുവിശേഷം അതാണ് ഏതൊരാൾക്കും ആവശ്യം. പാലിൽ മായം ചേർത്താൽ അതിന്റെ ഗുണം കുറയുമെന്നു സാധാരണക്കാർക്ക് അറിയാം. ഭക്ഷണ പദാർത്ഥങ്ങളിൽ മായം ചേർത്താൽ രുചി വ്യത്യാസം ഉണ്ടാകുകയും,

ഗുണനിലവാരം കുറയുകയും ചെയ്യും എന്നു മിക്കവാറും എല്ലാവർക്കും അറിയാം. പക്ഷെ ദൈവ വചനത്തെ സംബന്ധിച്ചോ? എത്രപേർ അതിൽ ശ്രദ്ധയുള്ളവരുണ്ട്? നാടോടുമ്പോൾ നടുവേ ഓടുന്ന സമീപനമാണ് ആളുകൾക്ക് ഉള്ളത്. ബഹുജനം എന്തു ചെയ്യുന്നു എന്നു നോക്കി അതു ചെയ്യുവാൻ പോകുന്ന ആളുകളുടെ സമുഹത്തിലാണ് നാം ജീവിക്കുന്നത്. എന്താണ് അതിലുള്ള അപാകത? ആളുകൾ തെറ്റും ശരിയും മനസ്സിലാക്കുവാൻ പരിശോധന നടത്തുന്നില്ല. മറ്റെല്ലാ കാര്യങ്ങളും ആളുകൾ പരിശോധിച്ചാണ് വിലയിരുത്തുന്നത്. ആത്മിയ കാര്യങ്ങളിൽ മനുഷ്യരെ ആശ്രയിക്കുകയാണ്. മനുഷ്യരുടെ ബുദ്ധിയെ നേർവഴിക്കു തിരിക്കുവാനാണ് തിരുവചനം തന്നിരിക്കുന്നത്. ഏത് ആത്മാവിനെയും വിശ്വസിക്കരുത്, ഏതൊരു ഉപദേശത്തെയും ബൈബിളിൽ ഉണ്ടോ എന്നു പരിശോധിക്കാതെ സ്വീകരിക്കരുത്. പിതാവായ ദൈവത്തിന്റെ ഉപദേശം ആണ് എല്ലാവരും കേൾക്കേണ്ടത്. ക്രിസ്തു ഉപദേശിച്ചതൊക്കെയും പിതാവിന്റെ ഉപദേശമായിരുന്നു. അതുകൊണ്ടാണ് യോഹന്നാൻ പറഞ്ഞതു ക്രിസ്തുവിന്റെ ഉപദേശത്തിൽ നിന്നു അതിർ കടന്നു പോകുന്നവനു പിതാവും പുത്രനും ഇല്ല.

ആകയാൽ നിങ്ങൾ സത്യസുവിശേഷത്തെ അറിഞ്ഞിട്ടുണ്ടോ? ഇല്ലെങ്കിൽ അടുത്തുള്ള ക്രിസ്തുവിന്റെ സഭയുമായി ബന്ധപ്പെടുക. ആദ്യപടി ഒരാൾ സുവിശേഷം കേൾക്കണം. ക്രിസ്തുവിന്റെ വചനം കേട്ടിട്ടു വേണം വിശ്വസിക്കുവാൻ. ഹൃദയത്തിലാണ് വിശ്വാസം വേണ്ടത്. ഒരാൾ ദൈവത്തിലും ക്രിസ്തുവിലും വിശ്വസിച്ചാൽ അയാൾ മനസ്സുമാറ്റുകയാണ് വേണ്ടത്. അതായതു തന്റെ പാപവഴി ഉപേക്ഷിച്ചു ദൈവ വഴിയിലേക്കു തിരിയണം. തുടർന്നു മനുഷ്യരുടെ മുൻപാകെ യേശുവിനെ ഏറ്റു പറയണം? അവസാനമായി പാപമോചനത്തിനായി ഓരോരു

ത്തൻ മാനസ്സാന്തരപ്പെട്ടു പാപമോചനത്തിനായി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം ഏല്ക്കണം. ഇത്രയും അനുസരണ പ്രക്രിയകൾ നമ്മിൽ നിന്നുണ്ടാകുമ്പോൾ, കർത്താവു നമ്മെ രക്ഷിക്കുകയും അവന്റെ സഭയോടു ചേർക്കുകയും ചെയ്യും. പിന്നീട് നാം അവന്റെ സഭയിൽ വിശ്വസ്തമായി ജീവിക്കുകയും ചെയ്യണം. പുതിയ നിയമ സുവിശേഷം സർവ്വ മനുഷ്യർക്കുമുള്ളതാണ്. പക്ഷെ നമ്മെ രക്ഷിക്കുവാൻ ദൈവം വെച്ചിരിക്കുന്നത് സുവിശേഷമാണ്. അതുകൊണ്ടാണ് നന്മ സുവിശേഷിക്കുന്നവരുടെ കാൽ എത്ര മനോഹരം എന്നു പറഞ്ഞിരിക്കുന്നത്.

✶

# ആരാധിക്കുവാൻ നാം എന്തു കൊണ്ടുവരണം?

ജെ.സി. ചോട്ട്

ദൈവം സൃഷ്ടികർത്താവും നാം അവന്റെ സൃഷ്ടികളും ആകുന്നു. നാം ദൈവമല്ല; പക്ഷെ അവന്റെ സാദൃശത്തിൽ സൃഷ്ടിക്കപ്പെട്ടവരത്രെ. അവൻ നമ്മിൽ ജീവശ്വാസം ഊതിയപ്പോൾ നാം ജീവനുള്ള ദേഹികളായി തീർന്നു. നിത്യമായ ആത്മാവോടു കൂടിയ ദൈവത്തിന്റെ രൂപമാണ് നമുക്ക് ഉള്ളത്. ആകയാൽ നമ്മുടെ നിർമ്മാതാവും സൃഷ്ടികർത്താവുമായ ദൈവത്തെ നാം അംഗീകരിച്ച്, ആദരിച്ച് നമസ്കരിക്കേണ്ടതാകുന്നു. അവൻ സ്തുതികൾക്കും ആരാധനക്കും യോഗ്യൻ അത്രെ.

ശമര്യ പട്ടണത്തിലെ ഒരു സ്ത്രീയോടു കർത്താവു പറയു

ന്നതു ശ്രദ്ധിക്കുക. അവളുടെ ഉള്ളിലുണ്ടായിരുന്ന ആശയവും ദൈവത്തിന്റെ ഇഷ്ടവും എന്തെന്നു ആ സംഭാഷണത്തിൽ നിന്നു വ്യക്തമാകും. സ്ത്രീ അവനോടു: യജമാനനേ, നീ പ്രവാചകൻ എന്നു ഞാൻ കാണുന്നു. ഞങ്ങളുടെ പിതാക്കന്മാർ ഈ മലയിൽ നമസ്കരിച്ചു വന്നു; നമസ്കരിക്കേണ്ടുന്ന സ്ഥലം യെരുശലേമിൽ ആകുന്നു എന്നു നിങ്ങൾ പറയുന്നു എന്നു പറഞ്ഞു. യേശു അവളോടു പറഞ്ഞതു: സ്ത്രീയേ, എന്റെ വാക്കു വിശ്വസിക്ക; നിങ്ങൾ പിതാവിനെ നമസ്കരിക്കുന്നതു ഈ മലയിലും അല്ല, യെരുശലേമിലും അല്ല എന്നുള്ള നാഴിക വരുന്നു. നിങ്ങൾ അറിയാത്തതിനെ നമസ്കരിക്കുന്നു; ഞങ്ങളോ അറിയുന്നതിനെ നമസ്കരിക്കുന്നു; രക്ഷ യെഹൂദന്മാരുടെ അടുക്കൽ നിന്നല്ലോ വരുന്നത്. സത്യനമസ്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്കരിക്കുന്ന നാഴിക വരുന്നു; ഇപ്പോൾ വന്നുമിരിക്കുന്നു. തന്നെ നമസ്കരിക്കുന്നവർ ഇങ്ങനെയുള്ളവർ ആയിരിക്കേണം എന്നു പിതാവു ഇച്ഛിക്കുന്നു. ദൈവം ആത്മാവാകുന്നു; അവനെ നമസ്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്കരിക്കേണം. സ്ത്രീ അവനോടു: മശീഹ - എന്നു വെച്ചാൽ ക്രിസ്തു - വരുന്നു എന്നു ഞാൻ അറിയുന്നു; അവൻ വരുമ്പോൾ സകലവും അറിയിച്ചു തരും എന്നു പറഞ്ഞു. യേശു അവളോടു: നിന്നോടു സംസാരിക്കുന്ന ഞാൻ തന്നെ മശീഹ എന്നു പറഞ്ഞു (യോഹന്നാൻ 4:19-26).

യെഹൂദന്മാർ, യെഹൂദന്മാരല്ലാത്തവരുമായി മിശ്രവിവാഹം കഴിച്ചുണ്ടായ പിൻഗാമികൾ ആണ് ശമര്യക്കാർ. അതുകൊണ്ടു അവരെ പുറന്തള്ളിയിരുന്നതു കൊണ്ടു അവർ അവരുടെ പ്രദേശത്തുള്ള ഒരു മലയുടെ മുകളിൽ പോയി ദൈവത്തെ ആരാധിക്കുമായിരുന്നു. യഹൂദന്മാർ ദൈവത്തെ ആരാധിച്ചിരുന്നതു ദൈവാലയം സ്ഥിതിചെയ്തിരുന്ന യെരുശലേമിൽ ആയിരുന്നു

എന്ന ഈ സ്ത്രീക്ക് അറിയാമായിരുന്നു. എന്നാൽ ആ മലയിലുമല്ല, യെരുശലേമിലുമല്ല ദൈവത്തെ നമസ്കരിക്കേണ്ടത്; ആളുകൾ എവിടെയാണോ അവിടെയാണ് എന്ന സമയം വരുന്നു എന്നാണ് യേശുക്രിസ്തു പറഞ്ഞത്. അവൻ തുടർന്നു പറയുന്നതു – ദൈവം സത്യനമസ്കാരികളെയാണ് ആഗ്രഹിക്കുന്നത്. അവർ അവനെ സത്യത്തിലും ആത്മാവിലും നമസ്കരിക്കണം. ശരിയായി ഗ്രഹിച്ചുകൊണ്ട് ദൈവത്തിന്റെ ഉപദേശപ്രകാരം ആത്മാർത്ഥമായ നമസ്കാരമാണ് ദൈവം പ്രതീക്ഷിക്കുന്നത്. ഹൃദയം അകന്നുപോയ അധരങ്ങളാലുള്ള ജല്പനമല്ല ദൈവത്തിനു വേണ്ടതു. സത്യസന്ധമായ ആരാധനയാണ് ആവശ്യം.

അങ്ങനെ നാം ഇന്നു ദൈവത്തെ ആരാധിക്കുന്നു. ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിൽ കൂടിവരികയും ദൈവത്തോടു അഭയയാചന അർപ്പിക്കയും പാടി സ്തുതിക്കയും ചെയ്യുന്നു. കർത്താവിനെ സ്മരിക്കേണ്ടതിനു കർത്താവിന്റെ മേശയിൽ നിന്നു പങ്കിടുകയും ചെയ്യുന്നു. മാത്രമല്ല, നമ്മുടെ സമ്പാദ്യത്തിൽ നിന്നു ദൈവത്തിനു നല്കുകയും ദൈവവചനത്തിൽ നിന്നു കേട്ടു പഠിക്കയും ചെയ്യുന്നു (പ്രവൃത്തി 20:7, 2 തിമൊഥെയൊസ് 2:15; എഫെസ്യർ 15:19; മത്തായി 26;26;28; 1 കൊരിന്ത്യർ 16:2).

ആഴ്ചയുടെ ആരംഭദിനമായ ഞായറാ്ച നാം കൂടിവരുന്നതിന്റെ ഏക ഉദ്ദേശം ദൈവത്തെ നമസ്കരിക്കുക എന്നതാണ്. ചിലർ വേറെ ഉദ്ദേശത്തിനായി വരുന്നു എന്നതു ദുഃഖം ഉണ്ടാക്കുന്നു. ചിലർ ഒരു ചടങ്ങിനു വേണ്ടി സന്നിഹിതരാകുന്നു. വേറെ ചിലർ ആവരുടെ സ്നേഹിതന്മാരെ കാണുന്നതിന്. മറ്റുചിലർ ഉപദേഷ്ടാവിനെ പ്രസാദിപ്പിക്കാൻ. മാതാപിതാക്കളുടെ പ്രേരണ നിമിത്തം വരുന്ന ചില യുവാക്കളുണ്ട്. തെറ്റായ ഉദ്ദേശങ്ങൾക്കായി വരുന്നവർ അനുഗ്രഹങ്ങൾ നഷ്ടപ്പെടുത്തുകയാണ് ചെയ്യുന്നത്. ദൈവത്തെ സ്നേഹിച്ച് വചനപ്രകാരം ആരാധിക്കു

ന്നവരെയാണ് ദൈവം അനുഗ്രഹിക്കുന്നത്.

ഈ തെറ്റായ രീതികൾ എന്തെങ്കിലും നിങ്ങളിൽ ഉണ്ടെങ്കിൽ ദയവായി മാനസാന്തരപ്പെടുക. അതിനു ശേഷം ദൈവത്തെ അവന്റെ ഇഷ്ടപ്രകാരം നമസ്കരിച്ചാൽ നിങ്ങൾക്കു സന്തോഷവും സമാധാനവും ദൈവം നല്കും. പക്ഷെ അതു സ്വയം വിശ്വസിച്ച് ഹൃദയത്തിൽ തോന്നിയിട്ടു വേണം ചെയ്യുവാൻ.

തന്നെ അനുസരിച്ച് യാഥാർത്ഥ്യമായി ആരാധിക്കുന്നവരെ അനുഗ്രഹിക്കാമെന്നു വാഗ്ദാനം ചെയ്തിരിക്കുന്ന ദൈവം വിശ്വസ്തനാണ്. നാം അതു സ്വീകരിക്കണമെങ്കിൽ കർത്തൃദിവസത്തിൽ ആരാധനക്കു ചെല്ലുമ്പോൾ കൊണ്ടുപോകേണ്ട ചിലതുണ്ട്. അവയെ നമുക്കു പരിശോധിക്കാം.

1. ദൈവത്തെ ആരാധിക്കുവാൻ വരുമ്പോൾ നാം ശുദ്ധഹൃദയമാണ് കൊണ്ടുവരേണ്ടത്. നാം ദൈവത്തിന്റെ മക്കൾ ആണല്ലൊ. നാം രക്ഷിക്കപ്പെട്ടവരാണ്. നമ്മുടെ സംസാരവും പ്രവൃത്തിയുമെല്ലാം നാം കർത്താവിന്റെ വഴിയിൽ നടക്കുന്നു എന്നു ബോധ്യപ്പെടുത്തണം. “അവൻ വെളിച്ചത്തിൽ ഇരിക്കുന്നതു പോലെ നാം വെളിച്ചത്തിൽ നടക്കുന്നു എങ്കിൽ നമുക്കു തമ്മിൽ കൂട്ടായ്മയുണ്ട്; അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു” (1 യോഹന്നാൻ 1:7).

2. നാം അനുസരണയോടെ വേണം ആരാധനക്കു വരുവാൻ. മനുഷ്യരെ പ്രീതിപ്പെടുത്തുന്നതിനോ വചനത്തിനപ്പുറമായ ചിന്തക്കോ അല്ല കൂടിവരുന്നത്. ദൈവത്തിന്റെ ഉപദേശം അനുസരിച്ച് ആരാധിക്കുക എന്ന ലക്ഷ്യമായിരിക്കണം വേണ്ടത്. ആരാധന നാം ഒരു ചടങ്ങായിട്ടല്ല നിർവ്വഹിക്കുന്നത്; പിന്നെയോ അതിന്റെ എല്ലാ ഭാഗവും നാം ദൈവകല്പനയനുസരിക്കുന്നു എന്നു തെളിയണം (മത്തായി 7:21).

3. ആരാധനയിൽ ഉടനീളം നാം ഹൃദയത്തെ ഏകാഗ്രതയോടെ സൂക്ഷിക്കണം. ആരാധനയുടെ ഓരോ ഭാഗത്തിലും നാം പങ്കാളികളാകുന്നതു ആത്മാർത്ഥതയോടെയാകണം. വിനോദത്തിനു വേണ്ടിയോ രസത്തിനു വേണ്ടിയോ അല്ല നാം കൂടിവരുന്നത് (യോഹന്നാൻ 4:24).

4. നാം ദൈവത്തിനു ആദരവ് കൊണ്ടുവരണം. ആരാധനയുടെ എല്ലാ പ്രവർത്തികളിലും നാം ദൈവത്തെ ബഹുമാനിക്കുന്ന രീതിയാവണം വേണ്ടത്. നാം ദൈവത്തെ പരിഹസിക്കുന്ന ഒന്നാകരുത് നമ്മുടെ ആരാധന (സങ്കീർത്തനങ്ങൾ 111:9). വിശ്വസ്ഥതയോടും നേരോടും കൂടെ വേണം നാം ആരാധിക്കുവാൻ.

✶

# അതു നിങ്ങളുടെ അഭിപ്രായം

## അലെൻ വെബ്സ്റ്റർ

മതപരമായ ചർച്ചകളുടെ അവസാനം കേൾക്കാറുള്ള പദപ്രയോഗമാണ് മുകളിൽ രേഖപ്പെടുത്തിയത്. ബൈബിളിലെ വിഷയങ്ങൾ ഏതായാലും ആ സത്യം വിശദമാക്കുമ്പോൾ യാതൊരു സംശയത്തിനും ഇടനല്കാതെ വിശദീകരിക്കേണ്ടതാണ്. സ്നാനത്തിന്റെ ആവശ്യകത, ഏക വിശ്വാസം, ഏക സഭ എന്നിവയെ പരാമർശിക്കുമ്പോൾ ശ്രദ്ധയോടെ, കരുതലോടെ വിവരിച്ചു കൊടുക്കണം. അവസാന നിമിഷത്തിൽ നിങ്ങളോട് ആരെങ്കിലും അതു നിങ്ങളുടെ അഭിപ്രായം എന്നു പറഞ്ഞ് പിരിഞ്ഞ് പോകാൻ ശ്രമിച്ചിട്ടില്ലേ?

ബൈബിൾ വിഷയങ്ങളെ അധികരിച്ച് ഉപദേഷ്ടാക്കന്മാർ വിശ്വസ്തതയോടെ പ്രസംഗിക്കും. രക്ഷക്കു വേണ്ടിയുള്ള ദൈവ

കല്പനകൾ തുറന്നു പ്രസ്താവിക്കും. സമുദായങ്ങളുടെ പാരമ്പര്യമായ ആചാരങ്ങൾ അനുസരിക്കുന്നതു കൊണ്ടു ദൈവത്തിൽ നിന്നു രക്ഷ കിട്ടുകയില്ല എന്നു ബോധ്യപ്പെടുത്തു. പക്ഷെ അതിനു ചിലർ പ്രതികരിക്കുന്നത് ഇങ്ങനെയാണ് "അതു നിങ്ങളുടെ അഭിപ്രായം. അവർ മനസ്സിലാക്കാത്ത സത്യം തള്ളിക്കളയാൻ അവർക്ക് ഇതു ധാരാളം മതി, ബൈബിളിൽ കല്പനകളും, തത്വങ്ങളും, മാതൃകകളും അടങ്ങിയിരിക്കുന്നു. അവർ ദൈവകല്പനകൾ അനുസരിക്കാതെ അതിന്റെ പ്രായോഗികതയെ നിരസിക്കുകയാണ് ചെയ്യുന്നത്. സഭയിലായിത്തീർന്ന അംഗങ്ങളോടു തിരുവെഴുത്ത് അരുളിച്ചെയ്യുന്ന ജീവിതശൈലി ഉപദേഷ്ടാവ് പ്രസംഗിക്കുന്നു. ഉദാഹരണമായി, ആരധാന മുടക്കരുത്, വിവാഹത്തിന്റെ മാന്യത, കുടുംബജീവിതത്തിന്റെ ഐക്യം, ഉപകരണസംഗീതം അരുത് തുടങ്ങിയ വിഷയങ്ങളെ വിശദീകരിച്ചു കൊടുത്താലും ചിലർ അതു ഉപദേഷ്ടാവിന്റെ അഭിപ്രായം എന്ന നിലയിൽ തള്ളിക്കളയും. അതുകൊണ്ടു ദൈവവചനം കേൾക്കുന്ന ഇത്തരം ആളുകൾക്ക് അതു വളരെ കുറച്ചു മാത്രമേ പ്രയോജനം കിട്ടുന്നുള്ളു.

ആർക്കും മനസ്സിലാക്കാൻ പറ്റാത്ത ഒരു പുസ്തകമല്ല ദൈവം രൂപപ്പെടുത്തിയിരിക്കുന്നത്. അത് ഓരോരുത്തർക്കും ഇഷ്ടമുള്ള രീതിയിൽ വ്യാഖ്യാനിക്കണമെന്നും ദൈവം ആഗ്രഹിക്കുന്നില്ല. യേശു പറഞ്ഞു: "സത്യം നിങ്ങൾ അറിയും സത്യം നിങ്ങളെ സ്വതന്ത്രരാക്കും" സത്യവും അഭിപ്രായവും രണ്ടും രണ്ടാണ് എന്ന കാര്യം ആളുകൾ ഗ്രഹിക്കുന്നില്ല. സത്യവിരുദ്ധമായി സംസാരിച്ചാൽ നാം ദൈവത്തെ കലക്കത്തിന്റെ ദൈവമാക്കി മാറ്റുകയാണ് (1 കൊരിന്ത്യർ 14:33). ഉപദേശത്തിൽ ഐക്യത നിലനിന്നാലേ വിശ്വാസത്തിൽ ഐക്യത നിലനില്ക്കയുള്ളൂ. യേശുക്രിസ്തുവിന്റെ അന്തിമാഭിലാഷം പ്രാർത്ഥനയായി

തീരണം (യോഹന്നാൻ 17:21-23). പൗലൊസ് കല്പിച്ചത് "നിങ്ങളുടെ ഇടയിൽ ഭിന്നത ഉണ്ടാകരുത്" എന്നത്രെ. ആരംഭ ക്രിസ്ത്യാനികൾ അതു പരിശീലിച്ചു (പ്രവൃത്തി 2:44,47). നമ്മൾ എല്ലാം ആ ഏക ഭാവം ഉള്ളവരാകണം (1 കൊരിന്ത്യർ 1:10). പ്രായോഗികമാക്കി തീർത്താൽ മാത്രമെ അതിന്റെ പ്രയോജനം അനുഭവിക്കാൻ പറ്റൂ.

ക്രിസ്ത്യാനിത്വത്തിൽ അഭിപ്രായം ഇല്ല എന്നു പറഞ്ഞാൽ അതു ശരിയാകില്ല. അഭിപ്രായങ്ങളെ സംബന്ധിച്ച് ഉചിതമായ തീരുമാനം എടുക്കാൻ നമുക്ക് സ്വാതന്ത്ര്യം ഉണ്ട്. അതിൽ ഒരാളുടേതിനു തുല്യമായ പ്രാധാന്യം മറ്റൊരാളുടേതിനു ഉണ്ട്. അഭിപ്രായങ്ങളെക്കുറിച്ച് വിലമതിക്കേണ്ട ആവശ്യമില്ല.

✶

# ക്രിസ്ത്യാനികൾ തങ്ങളുടെ ജോലിയിൽ എങ്ങനെ ബഹുമാനിക്കപ്പെടും?

**ഗ്ലെൻ ഗോലെ**

പത്രൊസും അന്ത്രെയോസും മീൻ പിടിക്കുന്നവർ ആയിരുന്നു. പൗലൊസ് കൂടാരപ്പണിക്കാരനായിരുന്നു. ലുദിയ രക്താംബരം വില്ക്കുന്നവൾ ആയിരുന്നു. ദമെത്രയോസ് തട്ടാൻ ആയിരുന്നു. യേശു ഒരു തച്ചൻ ആയിരുന്നു. ഉപജീവനത്തിനു ഓരോ ജോലി ചെയ്യുന്നതിൽ നിന്നു നീതിമാന്മാരായ ദൈവഭക്തരെ അകറ്റി നിർത്തിയിരുന്നില്ല എന്നു നമുക്കറിയാം. അവരുടെ ജീവിതം ശരിയായി നയിച്ചുകൊണ്ടാണ് അവർ അദ്ധ്വാനിച്ചിരു

ന്നുതും.

രാവും പകലും ജോലി ചെയ്തിരുന്ന ക്രിസ്ത്യാനികളോടു കാഠിന്യപൂർവ്വമാണ് പുറംലോകം പെരുമാറിയിരുന്നത്. ദൈവത്തിൽ വിശ്വാസമില്ലാത്ത സഹപ്രവർത്തകരോടൊപ്പമാണ് അവർക്കു ജോലി ചെയ്യേണ്ടിവന്നത്. ഒരു സഹോദരനു അടുത്ത സമയത്ത് ഒരു ജോലി കിട്ടി. ജോലി എങ്ങനെയുണ്ട് എന്ന് ചോദിച്ചപ്പോൾ പറഞ്ഞത്: ജോലി കുഴപ്പമില്ല, പക്ഷെ കൂടെ പണിയെടുക്കുന്നവരുടെ സംഭാഷണശൈലി കേൾക്കാൻ പ്രയാസം. അവർ ഉപയോഗിക്കുന്ന വാക്കുകൾ തികച്ചും ലജ്ജാകരം. മറ്റുള്ളവർക്കെല്ലാം അതു സുപരിചിതമായി തീർന്നു. “ഞാൻ എന്തെങ്കിലും എതിർത്തു സംസാരിച്ചാൽ അവർ എന്നെ പുറത്താക്കും” അദ്ദേഹം പറഞ്ഞു. ചിലപ്പോൾ ക്രിസ്തീയ ആശയങ്ങൾക്ക് അന്യരാണ് സഹപ്രവർത്തകർ. യേശുവിന്റെ കാലയളവിലും അങ്ങനെയുള്ള ആളുകൾ ഉണ്ടായിരുന്നു. അതുകൊണ്ടാണ് യേശു, തന്റെ ശിഷ്യന്മാർക്കു വേണ്ടി പ്രാർത്ഥിക്കുന്നത്. “അവരെ ലോകത്തിൽ നിന്നു എടുക്കണം എന്നല്ല, ദുഷ്ടന്റെ കയ്യിൽ അകപ്പെടാതവണ്ണം അവരെ കാത്തുകൊള്ളേണം എന്നത്രെ ഞാൻ അപേക്ഷിക്കുന്നത്” (യോഹന്നാൻ 17:15).

പ്രായോഗിക ജീവിതത്തിൽ നാം ഈ വിഷയത്തെ മനസ്സിലാക്കേണ്ടതുണ്ട്. യഥാർത്ഥ ക്രിസ്തീയ ജീവിതം നയിച്ചുകൊണ്ടു ലോകത്തുള്ള ഓരോ ജോലികൾ എങ്ങനെ ചെയ്യാം എന്നു വചനത്തിൽ നിന്നു നമുക്ക് പരിശോധിക്കാം. ക്രമേണ സഹപ്രവർത്തകർക്കിടയിൽ നമുക്ക് ബഹുമാനം വർദ്ധിപ്പിക്കാൻ നമുക്കെങ്ങനെ കഴിയും? എഫെസ്യ ലേഖനം നാലാം അദ്ധ്യായത്തിൽ ഇരുപത്തിമൂന്നു മുതൽ മുപ്പത്തിരണ്ടു വരെയുള്ള വേദഭാഗങ്ങളിൽ ഈ സത്യം വെളിപ്പെടുത്തിയിരിക്കുന്നു. നാം അതു വായിച്ച് പരിഗണനയ്ക്കായി എടുക്കണം.

ആകയാൽ ഭോഷ്ക്ക് ഉപേക്ഷിച്ച് ഓരോരുത്തൻ താന്താന്റെ കൂട്ടുകാരനോടു സത്യം സംസാരിപ്പിൻ, നാം തമ്മിൽ അവയവങ്ങളല്ലോ (എഫെസ്യർ 4:25). നാം മറ്റുള്ളവരിൽ നിന്നു ബഹുമാനം പിടിച്ചെടുക്കണമെങ്കിൽ നമ്മിൽ സത്യം മാത്രമെയുണ്ടാകാവൂ. അസത്യം പാടില്ല. സത്യത്തിനു അതിന്റേതായ മതിപ്പും മാന്യതയുമുണ്ട്. ഈ വാക്യം പൗലൊസ് എഫെസ്യയിലെ ക്രിസ്ത്യാനികൾക്കു എഴുതിയതാണെങ്കിലും അതു നമുക്കും ബാധകമാണ്. നുണ പറയുക എന്നതു സാർവ്വലൗകികമായ സംഭവമാണ്. എന്തിനും ഏതിനും കള്ളം ഉപയോഗിക്കുന്നു. ചില ആളുകൾ പറയുന്നതു വിശ്വസിക്കാൻ തന്നെ പ്രയാസം നേരിടുന്നു. യാതൊരു സങ്കോചവുമില്ലാതെ നുണ അടിച്ചു വിടുന്നതിൽ സംതൃപ്തി കണ്ടെത്തുന്നവർ സഹോദരങ്ങൾക്കിടയിൽ തന്നെയുണ്ട്. നല്ല മനസാക്ഷിക്കായി തങ്ങളെത്തന്നെ രൂപപ്പെടുത്തിക്കൊണ്ടിരുന്ന പരിവർത്തനം ചെയ്തിട്ടു അധികം കഴിയാത്ത വിശുദ്ധന്മാരായിരുന്നു അന്നു എഫെസ്യയിൽ ഉണ്ടായിരുന്നത് എന്നോർക്കുക.

ഭോഷ്ക്ക് ദുഷ്ടനിൽ നിന്നാണ് വരുന്നത്. യേശുക്രിസ്തു ദുഷ്ടനെ വിവരിക്കുന്നതു നോക്കുക. അവൻ ആദി മുതൽ കുലപാതകൻ ആയിരുന്നു; അവനിൽ സത്യം ഇല്ലായ്ക കൊണ്ട് സത്യത്തിൽ നില്ക്കുന്നതുമില്ല. ആവൻ ഭോഷ്ക്കു പറയുമ്പോൾ സ്വന്തത്തിൽ നിന്നു പറയുന്നു. അവൻ ഭോഷ്ക്ക് പറയുന്നവനും അതിന്റെ അപ്പനും ആകുന്നു (യോഹന്നാൻ 8:44). നുണ തങ്ങൾക്കു തന്നെ പരിഹാസമാവും. അതിനനുകൂലമായി പ്രവർത്തിക്കയും ചെയ്യുവാൻ അവർ തയ്യാറാകും. അതു അവരിൽ ഉള്ള വിശ്വാസവും ബഹുമാനവും നഷ്ടമാക്കും. വീട്ടിലിരുന്നുകൊണ്ടു "ഞാൻ വീട്ടിൽ ഇല്ലെന്നു പറഞ്ഞേക്കു" എന്നു പറയുന്നവുണ്ട്. അല്ലെങ്കിൽ "എനിക്കു സുഖമില്ലായിരുന്നു" എന്നു പറഞ്ഞൊഴിയുന്നവരുമുണ്ട്. ചിലരുണ്ട് വാസ്തവത്തിൽ

നടന്നതുപോലെ ചില കാര്യങ്ങൾ കെട്ടിച്ചമച്ചു പറയുന്നു. അതുപോലെ മോഹന വാഗ്ദാനങ്ങൾ നല്കിയിട്ടു പിന്നെ അതിൽ നിന്നും പിൻമാറുന്നതും നുണ പറയുന്നതിനു തുല്യമാണ്. വ്യവസായത്തിലായാലും ജോലിയിലായാലും ഭോഷ്ക്ക് ആർക്കും ഒരു പ്രയോജനവും ചെയ്യുകയില്ല.

ഞാൻ ആരോടെങ്കിലും നുണ പറയുമ്പോൾ അതിന്റെ ഗൗരവത്തെ കുറിച്ചും അപകടത്തെ കുറിച്ചും ഞാൻ ചിന്തിക്കുന്നേയില്ല. മറ്റുള്ളവർ എന്നോടു കള്ളം പറഞ്ഞാൽ എനിക്ക് എന്തു തോന്നും എന്നു ചിന്തിക്കുക. ഭോഷ്ക്ക് നിറഞ്ഞ ലോകത്തിൽ ഒരു സത്യക്രിസ്ത്യാനിയായ ഉദ്യോഗസ്ഥൻ പ്രകാശിക്കുന്ന വിളക്കായിരിക്കും.

രണ്ടാമതായി എഫെസ്യർ 4-ാം അദ്ധ്യായം ഇരുപത്തിആറാം വാക്യം നോക്കാം. "കോപിച്ചാൽ പാപം ചെയ്യാതിരിപ്പിൻ. സൂര്യൻ അസ്തമിക്കുവോളം നിങ്ങൾ കോപം വെച്ചുകൊണ്ടിരിക്കരുത്." നമ്മുടെ ജോലിയിൽ നല്ല നിലവാരം പുലർത്തണമെങ്കിൽ നാം നമ്മുടെ കോപത്തെ അടക്കണം. മൃഗങ്ങൾക്കുപോലും അവയെ സംരക്ഷിക്കുന്നതിനു ചില കഴിവുകൾ ഉണ്ട്. അപ്പോൾ പിന്നെ മനുഷ്യർക്കും അതുണ്ടാകാതെ തരമില്ലല്ലോ. പക്ഷെ നമുക്കുണ്ടായ മുറിവുകളോടുള്ള പ്രതികരണമാണല്ലോ കോപം. പ്രതികാര വാഞ്ഛ ഉടലെടുക്കുന്ന ഒരു രീതിയാണിത്. പെട്ടെന്നുണ്ടാകുന്ന ആവേശം അതു വാക്കിലൂടെ, സ്വഭാവത്തിലൂടെ, പ്രവർത്തിയിലൂടെ ഒക്കെ പ്രദർശിപ്പിക്കാറുണ്ട്. യേശുവിനു പോലും കോപം ഉണ്ടായിട്ടുണ്ട് (മർക്കൊസ് 3:5). പക്ഷെ കോപത്തെ നിയന്ത്രിക്കുക എന്നതാണ് ബുദ്ധിമുട്ടുള്ള കാര്യം. ബഹുമാനത്തിനു മാത്രമെ ബഹുമാനത്തെ പുറപ്പെടുവിക്കാൻ സാധിക്കൂ. ദേഷ്യം വരുമ്പോൾ ശരിയായി പ്രവർത്തിക്കാനുള്ള കഴിവാണ് ആവശ്യം. നിങ്ങൾക്കു കോപം വരുമ്പോൾ ക്രിസ്തീയ

സ്വഭാവം കാണിക്കുക.

എപ്പോഴാണ് കോപം പാപമായി തീരുന്നത്? ശരിയായ വിവേചനം നടത്താൻ സാധിക്കാതെ വരുമ്പോൾ അങ്ങനെ സംഭവിക്കുന്നു. ചിലരുടെ മൂക്കത്താണ് ശുണ്ഠി എന്നു പറഞ്ഞു കേൾക്കാറുണ്ട്. മുൻകോപം പ്രവർത്തിയിൽ കൊണ്ടുവരുമ്പോഴാണ് അത് പാപമാകുന്നത്. കോപം വൈരാഗ്യമായി മാറി പ്രതികാരമായി പ്രതികരിക്കുന്നു. അവർക്ക് അതിനെ നിയന്ത്രിക്കാൻ കഴിയാതെ വരുന്നു.

തെറ്റിനെ എതിർക്കുന്നതിനു പകരം തെറ്റു ചെയ്ത വ്യക്തിയോടു എതിർക്കുമ്പോഴാണ് പാപമാകുന്നത്. പ്രശ്നം പരിഹരിക്കുന്നതിനു പകരം സങ്കീർണ്ണമാക്കും വിധത്തിൽ പ്രതികാരം വീട്ടുകയാണ്. ആർക്കും തിന്മക്കു പകരം തിന്മചെയ്യരുത് എന്നു തിരുവെഴുത്ത് പഠിപ്പിക്കുന്നു. ദോഷമായി സംസാരിച്ചു എങ്കിൽ തെളിവു കൊടുക്കാം. പക്ഷെ തല്ലുവാനുള്ള അധികാരം ആർക്കും ഇല്ല (യോഹന്നാൻ 18:22-23).

✶

# മനപ്പൂർവ്വം സഭായോഗം മുടക്കുന്നതു പാപമോ?

ഗ്രാഡി എം. മില്ലർ

യഥാർത്ഥ ക്രിസ്ത്യാനിയായി തീർന്ന അനേകം ആളുകളുടെ മനസ്സിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ചോദ്യമാണിത്. ദൈവത്തെ സത്യത്തിലും ആത്മാവിലും ആരാധിക്കുവാൻ ബാദ്ധ്യസ്ഥരാണ് ഇവർ. എന്നാൽ മനുഷ്യ ജീവിതത്തിൽ നേരി

ടേണ്ടി വരുന്ന പല കാര്യങ്ങൾ ഉണ്ട്, ദൈവത്തോടുള്ള വിശ്വസ്ഥത നാം അനുസരണത്തിലൂടെയല്ലാതെ പിന്നെ എങ്ങനെ കാണിക്കും? ദൈവത്തോടുള്ള സ്നേഹം പ്രകടമാക്കുന്നത് പിന്നെ എങ്ങനെ? നിർബന്ധമായി ആരാധനയും ബൈബിൾ പഠനവും മുടക്കുന്ന ആളുകളുണ്ട്. അത് പാപമാണെന്ന ചിന്ത അവരിൽ ഇല്ലെന്ന ഭാവമാണുള്ളത്. ഒഴിവുകഴിവുകൾ ധാരാളം അവർ പറഞ്ഞു കേൾക്കാറുണ്ട്. എന്നാൽ ഈ വസ്തുത നാം ശരിയായി മനസ്സിലാക്കേണ്ടതും ഗൗരവമായി കണക്കാക്കേണ്ടതുമാണ്.

വിശ്വസ്ഥമായി ആരാധനയിൽ പങ്കെടുക്കേണ്ടതു ആവശ്യമാണ്. എന്നാൽ സ്വന്തം ആവശ്യങ്ങൾക്കായി സഭായോഗം മുടക്കുന്നവരുണ്ട്. അതിഥികളെ സ്വീകരിക്കുന്നതിനായി ആരാധന ഒഴിവാക്കുന്നവരുണ്ട്. വിവാഹത്തിനു വേണ്ടി ആരാധന ഒഴിവാക്കുന്നവരുണ്ട്. വിനോദത്തിനായി സഭായോഗം അവഗണിക്കുന്നവരുണ്ട്. ഇങ്ങനെ ധാരാളം കാരണങ്ങൾ അവർക്കു മുന്നിൽ ഉണ്ട്. പക്ഷെ ഇതെല്ലാം ദൈവസന്നിധിയിൽ നീതീകരിക്കത്തക്കതാണോ എന്നതാണ് ചോദ്യം. സ്വയം തീരുമാനിച്ച് മുടക്കുന്ന രീതി ദൈവാത്മാവിനു വിരോധം തന്നെയാണ്. അത് ആത്മാവിനും ദോഷം ചെയ്യും; മറ്റുള്ളവരെ അപ്രകാരം ചെയ്യാൻ പ്രേരിപ്പിക്കുന്നതുകൊണ്ട് രണ്ട് വിധത്തിൽ ദോഷകരമാണ് ഉണ്ടാകുന്നത്. ക്രമേണ ഇവർ നല്ലതും പ്രയോജനപ്രദവുമായതു ചെയ്യാതെ സ്വന്തം കാര്യങ്ങളിൽ ഒതുങ്ങി കഴിയുന്നു. മുമ്പെ ദൈവരാജ്യം അന്വേഷിക്കുക എന്ന യേശുക്രിസ്തുവിന്റെ ഉപദേശത്തെ ഇവർ ആദരിക്കുന്നില്ല. കർത്താവിനു മഹത്വം കൊടുക്കാത്തവർ തങ്ങൾക്കു തന്നെ പ്രാമുഖ്യം കല്പിക്കുന്നവരാണ് (മത്തായി 6:33).

സഭ എന്നതു കർത്താവിന്റെ ശരീരമാണ്. ആ ശരീരത്തിലെ ഓരോ അവയവങ്ങളാണ് അംഗങ്ങൾ. ഒരാൾ അതിൽ നിന്നു

വിട്ടുനിന്നാൽ ശരീരത്തിന്റെ യോജിപ്പും പൂർണ്ണതയും നഷ്ടമാക്കുന്നു. മനഃപൂർവ്വം ആരാധന മുടക്കുന്നത് പാപമാണ്. എന്നാൽ രോഗമോ മരണമോ ഇങ്ങനെ പ്രത്യേകമായ സാഹചര്യത്തെ കർത്താവ് അറിയുകയും കാര്യമാക്കാതിരിക്കയും ചെയ്യും. അല്ലതെയുള്ള സഭായോഗം മുടക്കൽ തീർത്തും പാപം തന്നെയാണ്. അതെന്തുകൊണ്ടാണെന്നു വിശദമായി നമുക്കു മനസ്സിലാക്കാം.

### 1. ദൈവ കല്പനയെ ലംഘിക്കുന്നതാണ് അത്

ദൈവം കല്പിച്ചിരിക്കുന്ന കല്പന അനുസരിക്കാതിരിക്കുന്നതു തെറ്റാണ്. നിയമലംഘനം പാപമാണ്. യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്നതു സകല അധർമ്മവും പാപം തന്നെ എന്നാണ് (1 യോഹന്നാൻ 3:4). സഹോദരങ്ങളായി ഒരുമിച്ച് കൂടിവന്നു ദൈവത്തെ ആദരിക്കുവാൻ ദൈവം നമ്മോട് പ്രബോധിപ്പിച്ചിരിക്കുന്നു. അതു മുടക്കരുത് എന്ന മുന്നറിയിപ്പും ഉണ്ട് (എബ്രായർ 10:24). നമ്മുടെ ആത്മീയ ഉത്തേജനത്തിനു വേണ്ടിയാണ് അങ്ങനെ ചെയ്യാൻ പറഞ്ഞിരിക്കുന്നത്. നേരിട്ടു ദൈവം ചെയ്യാൻ ആവശ്യപ്പെട്ടതു നാം ഉപേക്ഷ വിചാരിച്ചാൽ പാപമല്ലാതെ പിന്നെന്താണത്? ആകയാൽ സഭായോഗം ആരാധനക്കായാലും ബൈബിൾ പഠനത്തിനായാലും കൂടിവരുന്നതു ഒഴിവാക്കരുത്.

### 2. ദൈവേഷ്ടത്തിൽ നിലനില്ക്കാതവണ്ണം അതിനെ കർശനമായി നിഷേധിക്കുന്നു

ദൈവത്തിന്റെ പ്രതീക്ഷക്കൊത്ത് നാം നില്ക്കുന്നില്ല എന്നു പറയുമ്പോൾ സമ്മതിക്കേണ്ടി വരും (റോമർ 3:23). ദൈവനിർദ്ദേശത്തെ നാം തള്ളിക്കളയുമ്പോൾ ദൈവതേജസ്സിൽ നിന്നു നാം വീണുപോകയാണ് ചെയ്യുന്നത്. ചിലപ്പോൾ നാം അറിയാതെ ചെയ്യുന്നു. മറ്റു ചിലപ്പോൾ നാം പരീക്ഷണത്തിനു വിധേയപ്പെ

ടുന്നു. ആരാധന മുടക്കിക്കൊണ്ടിരിക്കുന്ന സ്വഭാവം ഒരാളിൽ ഉള്ളതും അറിയാതെ ഏതെങ്കിലും സന്ദർഭത്തിൽ വന്നുപോകുന്നതും തമ്മിൽ വ്യത്യാസമുണ്ട്. നാം സഭായോഗം മുടക്കി മറ്റു കാര്യങ്ങളിൽ തിരക്കുള്ളവരായി തീരുമ്പോൾ നാം അവഗണിക്കുന്നതു ദൈവത്തെയും ദൈവജനത്തെയും ആണ്. അത് കരുതികുട്ടി ചെയ്യുന്നതാകയാൽ ദൈവസന്നിധിയിൽ പാപം തന്നെയാണ്.

### 3. അത് കർത്താവിന്റെ സഭയെ ദുർബ്ബലമാക്കുവാനും സാത്തന്റെ സ്വാധീനത്തെ ബലപ്പെടുത്തുവാനും സഹായിക്കുന്നു

നീതിവിരുദ്ധമായി ചെയ്യുന്നതെന്തും സാത്താന്റെ സ്വാധീനത്തെ ബലപ്പെടുത്തുകയും ആത്മിയ ശക്തിയെ ക്ഷയിപ്പിക്കയും ചെയ്യുന്ന ഇടർച്ചയുണ്ടാകും. കരുതിക്കൂട്ടിയുള്ള ഉപേക്ഷ വരുത്തിതീർക്കുന്ന വിപത്തു വളരെ ഗൗരവമായി കണക്കിലെടുക്കണം. ആരാധന മുടക്കിക്കൊണ്ടിരിക്കുന്നവർ അതുമൂലം ഉണ്ടാകാവുന്ന ഫലത്തെക്കുറിച്ചു ബോധവാന്മാരാകണം. സഹക്രിസ്തായനികൾക്ക് ഇവർ നല്കുന്ന സംഭാവന നിരാശ തന്നെയാണ്. അവരുടെ അവിശ്വസ്ഥത സഭയിൽ ഇടർച്ച സൃഷ്ടിക്കുന്നു. വിശ്വസ്തരായ ആളുകളുടെ സത്യസന്ധമായ സേവനങ്ങളെ ഇവർ തരംതാഴ്ത്തി കാണിക്കുന്നു. ലോകത്തിലുള്ള ആളുകൾ കർത്താവിന്റെ സഭയെ തുച്ഛീകരിക്കുന്നതിനേക്കാൾ ഉപദ്രവമാണ് ഇവരുടെ പ്രവൃത്തികൾ. അവർ പറയുന്ന ന്യായവാദങ്ങൾ വെറും ഒഴിവുകഴിവു മാത്രമാണ്. രഹസ്യത്തിൽ ചിലർ ചെയ്യുന്ന പാപത്തെക്കാൾ മാരകമായ ഫലമാണ് ഇവർ പുറപ്പെടുവിക്കുന്നത്. അത് ആരായിരുന്നാലും എവിടെയായിരുന്നാലും ശരിയാണ്.

സഭായോഗത്തിൽ സംബന്ധിക്കുക എന്നതാണ് എല്ലാം എന്നല്ല പറയുന്നത്. വെറുതെ വന്നിരുന്നതു കൊണ്ടും ഫലമില്ല. സഭായോഗം മുടക്കാതെ ബൈബിൾ പഠനം ഉപേക്ഷിക്കാതെ

ഇരിക്കുന്ന ഒരാൾ പാപജീവിതം നയിച്ചാൽ അതുകൊണ്ടു പ്രയോജനമില്ല. നമ്മുടെ ശാരീരിക സാന്നിദ്ധ്യം കൊണ്ടു നമ്മുടെ ആരാധന സത്യത്തിലും ആത്മാവിലും ആയി തീരും എന്നും ധരിക്കരുത്. ദൈവത്തോടു വിശ്വസ്ഥതയും ആത്മാർത്ഥതയും പുലർത്തുന്ന യഥാർത്ഥ പരിവർത്തനം ചെയ്യപ്പെട്ട ക്രിസ്ത്യാനികൾ കരുതികൂട്ടി ആരാധന മുടക്കുകയില്ല. കാരണം അവർ ദൈവത്തെയാണ് പ്രസാദിപ്പിക്കുന്നത്. ശരിയായി പരിവർത്തനം ചെയ്യപ്പെടാത്തവർ, ബലഹീന വിശ്വാസികൾ ആയിട്ടുള്ളവർ ആരാധനയിൽ വിശ്വസ്ഥതയും സത്യസന്ധതയും പ്രകടിപ്പിക്കാറില്ല.

നാം സ്വയമായി തീരുമാനിച്ച സഭായോഗം ഉപേക്ഷിക്കുമ്പോൾ നാം കർത്താവിനോടും സഭയോടും ലോകത്തോടും അറിയിക്കുന്ന ഒരു കാര്യമുണ്ട്. ആരാധനയും ബൈബിൾ പഠനവും നമ്മുടെ ജീവിതത്തിൽ "അപ്രധാനമെന്നുന്നും. ദൈവത്തേക്കാൾ വലതായിട്ട് ആരാണ്, എന്താണ് നമുക്കുള്ളത്? ദൈവരാജ്യത്തേക്കാൾ വലുതായിട്ട് ആരാണ്, എന്താണ് നമുക്കുള്ളത്? ദൈവരാജ്യത്തേക്കാൾ പ്രാധാന്യമേറുന്നത് എന്താണ്? എന്ന ചോദ്യമാണ് ഉയർത്തുന്നത്.

✱

# മദ്യപാനം

## ഫ്രാൻസിസ് ഡേവിഡ്

ഇന്ത്യയിലെ ഏതാനും സംസ്ഥാന സർക്കാരുകൾ മദ്യപാനത്തെ വിലക്കുകയുണ്ടായി. ചില സ്ഥലങ്ങളിൽ ചാരായം നിരോധിക്കയുണ്ടായി. ഇതിനെ അനുകുലിച്ചും പ്രതികൂലിച്ചും

ആളുകൾ പ്രസ്താവനകൾ ഇറക്കുകയുണ്ടായി. ആന്ധ്രാപ്രദേശും ഹരിയാനയും ഈ ദുർവൃത്തിയെ പൂർണ്ണമായി നിരോധിച്ചിരിക്കയാണ്. ഗവണ്മെന്റിന്റെ ഈ നിലപാടിൽ ചിലർ അസുന്തഷ്ടരാണ്. കുടിച്ചില്ലെങ്കിൽ അവരുടെ ജീവിതം രസമില്ലാതെ, ഉത്സാഹമില്ലാതെ മന്ദീഭവിച്ച അവസ്ഥയായി തീരും എന്നത്രെ അവരുടെ പക്ഷം. സംസ്ഥാനത്തിനു പുറത്തുപോയി തങ്ങൾക്കിഷ്ടപ്പെട്ട മദ്യം വാങ്ങി കഴിക്കുന്നവർ ഉണ്ട് എന്നുപോലും ഞാൻ കേട്ടിട്ടുണ്ട്. എന്നാൽ മറുവശത്ത് വേറൊരു കൂട്ടം ആളുകൾ ഇതിൽ സന്തോഷിക്കയാണ്. സ്ത്രീകളും കുട്ടികളുമാണ് അവർ. അവരുടെ സ്വസ്ഥതയും സമാധാന ജീവിതവും തിരിച്ചു കിട്ടുമെന്നു വന്നു. മദ്യമായിരുന്നു അവർക്ക് അത് നഷ്ടമാവാൻ കാരണം. ഭാര്യയെയും മക്കളെയും കുടുംബാംഗങ്ങളെ മൊത്തത്തിലും കരുതാതെ അവരെ ഉപദ്രവിച്ചുകൊണ്ടിരുന്നതു ഇനി അനുഭവിക്കേണ്ടി വരികയില്ലല്ലോ എന്നോർത്ത് അവർ സന്തോഷിക്കുന്നു.

ചരിത്രം നോക്കിയാൽ മദ്യം കഴിക്കുന്നവരെ പണ്ടുമുതൽക്കേ കണ്ടുവരുന്നുണ്ട്. പുരാതന കാലത്ത് തുടങ്ങിയതാണ് ഈ സ്വഭാവം. ഈ ദുഃസ്വഭാവത്തിനു കാലപ്പഴക്കം തന്നെ ഉണ്ട്. ലോകം മുഴുവനും ആളുകളിൽ കടന്നുകൂടിയ ഈ മോശമായ സ്വഭാവത്തെ സമൂഹത്തിൽ എവിടെയും കാണാം. കുറഞ്ഞുവരികയല്ല പിന്നെയോ വർദ്ധിച്ചുവരികയാണ്. വല്ലപ്പോഴും കുടിക്കുന്നവരുണ്ട്, മദ്യപാനം ഒരു ശീലമാക്കിയിരിക്കുന്നവരുണ്ട്. അതെന്തായാലും അവരെല്ലാം മദ്യാപാനികൾ തന്നെയാണ്. കഴിക്കുന്ന അളവിൽ ഏറ്റക്കുറച്ചിൽ ഉണ്ടായേക്കാം. ചിലർ അതിൽ നിന്നു പിന്തിരിയാൻ പറ്റാത്തവണ്ണം അതിനു അടിമപ്പെട്ടിരിക്കയാണ്.

സാമൂഹ്യ സന്നദ്ധ സംഘടനകളിൽ നിന്നും മതപരമായ മുന്നറിയിപ്പുകൾ മദ്യപാനത്തിന്റെ ദോഷഫലങ്ങളെ കുറിച്ച് ഉണ്ടായിട്ടുപോലും ആളുകൾ അതിനെ ചെവിക്കൊള്ളുന്നില്ല. മദ്യപ്രിയരായ ആളുകൾ ഇതു കേട്ടിട്ടും അവർക്ക് ഒരു കൂസലുമില്ല. ഈ മദ്യം ഉപേക്ഷിക്കാൻ തങ്ങൾക്കെങ്ങനെ കഴിയും എന്നതാണ് അവരുടെ ചോദ്യം. ചിലർ തങ്ങളുടെ വഴിയാണ് ശരിയായ വഴി എന്നു സമർത്ഥിക്കും. മറ്റുചിലർ അതിൽനിന്നു വിട്ടുമാറാൻ കഴിയാതവണ്ണം ഒഴിവുകഴിവുകൾ നിരത്തും. അതെല്ലാം വാസ്തവത്തിൽ വിഡ്ഢിത്തമാണ്. ശരീരത്തെയും ആത്മാവിനെയും കുടുംബ ബന്ധങ്ങളെയും തകർക്കുന്ന ഈ ദുഷിച്ച പ്രവണത ഒരു തരത്തിലും ഗുണം ചെയ്യുന്നില്ല എന്ന് അവർ തിരിച്ചറിയുന്നില്ല. സമൂഹത്തിൽ നല്ല ജീവിതനിലവാരം പുലർത്തി ഉന്നതിയിലെത്തണമെന്ന് ആഗ്രഹിക്കാത്തവർ ആരുണ്ട്? പക്ഷെ അതിനു തടസമായി നില്ക്കുന്ന വശത്തെക്കുറിച്ച് അവർ തിരിച്ചറിയുന്നില്ല.

ഒരു ചെറിയ തുടക്കമായിട്ടായിരിക്കും പലരും ആരംഭിക്കുന്നത്. ഒരു കമ്പനിക്കു വേണ്ടി അല്പം കഴിച്ചുതുടങ്ങും. അങ്ങനെ ക്രമേണ വല്ലപ്പോഴും ആയെന്നിരിക്കും. പിന്നെ കുപ്പിക്കണക്കിലേക്കു നീങ്ങും. അതു ദിവസവും ആയാലെന്തെന്നു തോന്നും. ഡ്രൈവർ മദ്യപിച്ചതു കൊണ്ടുണ്ടാകുന്ന അപകടങ്ങൾ നിത്യസംഭവമായി മാറിക്കഴിഞ്ഞിരിക്കുന്നു. മദ്യപിച്ച് കരൾപൊട്ടി പലരും മരിച്ചിരിക്കുന്നു. പല രോഗങ്ങൾക്കും ഇരയായി വേദന പൂണ്ടു കഴിയുന്നു. എന്തിനാണീ ക്രൂര വിനോദം! സുബോധം നഷ്ടപ്പെടുത്തുന്ന ഈ വിഷം എന്തിനു കഴിക്കണം എന്നു ചിന്തിക്കുക. ചിലർ പറയുന്നതു എല്ലാം മറക്കാനാണ് കുടിക്കുന്നത് എന്നതാണ്. പക്ഷെ വാസ്തവത്തിൽ മറക്കുകയാണ് എന്ന തോന്നൽ മാത്രമാണ്. വെറും ഒരു മരവിപ്പ് മാത്രമാണ് മദ്യത്തിൽ

നിന്നു കിട്ടുന്നത്. മദ്യവ്യവസായികൾ കൊടുക്കുന്ന പരസ്യങ്ങളിൽ നിങ്ങൾ ആരും അകപ്പെടരുത്. മാതാപിതാക്കൾ തങ്ങളുടെ മക്കളെ ഈ ദുഷിച്ച സ്വഭാവത്തിൽ അവർ ചാടാതിരിക്കാൻ അവരെ പ്രബോധിപ്പിക്കണം. അവർക്കു നേരായ പാത മാതൃകാ ജീവിത്തിലൂടെ കാണിച്ചു കൊടുക്കണം.

ദൈവവചനത്തിൽ ഈ മദ്യപാനത്തെ കുറിച്ചു പറയുന്നതെന്തെന്നു ശ്രദ്ധിക്കുക. സദൃശവാക്യങ്ങൾ വളരെ ഉയർന്ന നിലവാരം പുലർത്തുന്ന പുസ്തകമാണല്ലോ. ബുദ്ധിമാനായ ശലോമോൻ പറയുന്നു: "വീഞ്ഞു പരിഹാസിയും മദ്യം കലഹക്കാരനും ആകുന്നു. അതിനാൽ ചാഞ്ചാടി നടക്കുന്നു ആരും ജ്ഞാനിയാകയില്ല (സദൃശവാക്യങ്ങൾ 20:1). നീ വീഞ്ഞു കുടിക്കുന്നവരുടെ കൂട്ടത്തിലും മാംസഭോജന പ്രിയരുടെ ഇടയിലും ഇരിക്കരുത്. കുടിയനും അതിഭക്ഷകനും ദരിദ്രരായി തീരും (സദൃശവാക്യങ്ങൾ 23:20-21). ആർക്കു കഷ്ടം, ആർക്കു സങ്കടം, ആർക്കു കലഹം? ആർക്കു ആവലാതി, ആർക്കു അനാവശ്യമായ മുറിവുകൾ, ആർക്കു കൺചുവപ്പ്? വീഞ്ഞു കുടിച്ചുകൊണ്ടു നേരം വൈകിക്കുന്നവർക്കും മദ്യം രുചി നോക്കുവാൻ പോകുന്നവർക്കും തന്നെ (സദൃശ വാക്യങ്ങൾ 23:29-30).

മദ്യപാനത്തെ ബൈബിൾ ഖണ്ഡിക്കുന്നില്ല എന്നാണ് ചില ആളുകൾ കരുതുന്നത്. പക്ഷെ പഴയ നിയമത്തിലും പുതിയ നിയമത്തിലും ദൈവം മദ്യത്തെ നിരോധിച്ചിരിക്കയാണ്. പഴയ നിയമകാലത്തു അഹരോനോട് ദൈവം അരുളിച്ചെയ്തത് "നീയും നിന്റെ പുത്രന്മാരും മരിച്ചു പോകാതിരിക്കേണ്ടതിനു സമാഗമന കൂടാരത്തിൽ കടക്കുമ്പോൾ വീഞ്ഞും മദ്യവും കുടിക്കരുത്. ഇതു നിങ്ങൾക്കു തലമുറ തലമുറയായി എന്നേക്കുമുള്ള ചട്ടമായിരിക്കണം" (ലെവ്യാ പുസ്തകം 10:8-9). മദ്യപാനികൾ സ്വർഗ്ഗരാജ്യം അവകാശമാക്കുകയില്ല എന്നാണ് അപ്പൊസ്തലനായ പൗലൊസ്

വ്യക്തമാക്കിയിരിക്കുന്നത് (1 കൊരിന്ത്യർ 6:10). പക്ഷെ ചിലർ, യേശുക്രിസ്തു കാനാവിലെ കല്ല്യാണവിരുന്നിൽ വീഞ്ഞുണ്ടാക്കി കൊടുത്തു എന്നും അപ്പൊസ്തലനായ പൗലൊസ് തിമൊഥെയോസിനോട് വീഞ്ഞു കുടിക്കാൻ പറഞ്ഞിട്ടുണ്ട് എന്നും പറഞ്ഞു അവരുടെ മദ്യപാനത്തെ ന്യായീകരിക്കാറുണ്ട്. ഇതു തെറ്റായ വ്യാഖ്യാനമാണ്. ശരിയായ ഉദ്ദേശത്തെ കണക്കിലെടുക്കാതെ തെറ്റായി വചനത്തെ എടുത്തുപയോഗിക്കുന്നവർ ദൈവത്തെ പരിഹസിക്കയാണ് ചെയ്യുന്നത്. ഔഷധാവശ്യത്തിനു വേണ്ടി വീഞ്ഞുപയോഗിക്കുന്നതും കുടിച്ചു മത്തരാകുന്നതും രണ്ടും രണ്ടാണല്ലൊ.

മുന്തിരിച്ചാറ് നല്ലൊരു പാനീയമാണ്. പക്ഷെ അതു അമിതമായാൽ ലഹരി പിടിക്കും. ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ച് മദ്യം അവന് നിഷിദ്ധമാണ് എന്നതിൽ തർക്കമില്ല. സ്വന്തം ശരീരത്തെ ദ്രോഹിക്കുവാൻ ആർക്കും അധികാരമില്ല. നമ്മുടെ ശരീരം ദൈവമഹത്വത്തിനായി ഉപയോഗിക്കണം. മനസിനെ മരവിപ്പിച്ച് ചിന്താശക്തി നഷ്ടപ്പെടുത്തുന്ന മദ്യം ഹാനികരം തന്നെയാണ്. ആത്മാവിനെ അതു ദൈവത്തിൽ നിന്നു അകറ്റുന്നു. ലോകത്തിന്റെയും പാപത്തിന്റെയും ചതിയിൽ പെടാതെ നാം നമ്മെ തന്നെ ദൈവത്തിനു കീഴ്പ്പെടുത്തണം. ക്രിസ്ത്യാനികളായി തീരാത്തവർ ദയവായി നിങ്ങളുടെ ആത്മാവിന്റെ മോചനത്തെ കരുതി മദ്യം ഉപേക്ഷിച്ച്, മാനസാന്തരപ്പെട്ട് പാപമോചനത്തിനായി സ്നാനം ഏല്ക്കുക. കർത്താവ് നിങ്ങളോടു ക്ഷമിക്കും. നിങ്ങളെ രക്ഷിച്ച് അവൻ തന്റെ സഭയോടു ചേർക്കും. അങ്ങനെ ദൈവേഷ്ടപ്രകാരം എന്നേക്കും ദൈവവുമായി ജീവിക്കുക.

✶

*Watch!*

# SATHYANADAM

## TV PROGRAME

**TRUE GOSPEL MESSAGE**

**Speaker:**

**Bro.P.K. VARGHESE**

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

കേൾക്കുക!

# സത്യനാദം

ബ്രദർ.

**പി.കെ വർഗ്ഗീസ്**

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!

The English Voice of Truth is available.
One can contact Philemon or Kingsley at:
P.C. Philemonrajah, P.O. Box 15, 45 C/1 Church Lane,
Coronation Street, Arasardi, Madurai 625016
Mobile : 9244204420, 9244214421(Kingsley), 0452-2607026(Landline)

## Gospel Preaching On Television & Radio

| | | |
|---|---|---|
| Tamil : | Nambikkai TV | - Every Saturday at 8.00 pm |
| | Tamilan TV | - Every Monday at 6.00 pm |
| | Speaker : **Arjunan** | |
| | Tamilan TV | - Every Sunday at 6.45 am |
| | Nambikkai TV | - Every Sunday at 3.30 pm |
| | Speaker : **Philemon & Kingsley** | |
| | Tamilan TV | - Every Monday at 7.00 am |
| | | Every Thursday at 9.30 pm |
| | | Every Saturday at 7.15 am |
| | Speaker : **Rajanayagam** | |
| Hindi : | Subhasandesh TV | - Every Sunday & Tuesday at 7.00 pm |
| | Speaker : **Sunny, Francis & Vinay David** | |
| Malayalam : | Jai Hind TV | - Every Saturday at 6.00 am |
| | Speaker : **P. K. Varghese** | |
| Telugu : | Subhavartha TV | - Every Sunday 6.00 pm |
| | Rakshana TV | - Every Wednessday 6.30 pm |
| | Rakshana TV | - Every Thursday 11.00 am |
| | Sathyavani TV | - Every Wed & Friday 8.00 pm |
| | | www.sakthitv.in |
| | Aradhana TV | - Every Saturday at 6.30 am |
| | Kanthi TV | - Everyday at 7.30 am & 3.30 pm |
| | Speakers : **Joshua & Ricky Gootam** | |
| Manipur : | TC Network | - Every Monday at 6.30 pm |
| | TC Network | - Every Wed. & Friday at 6.00 am |
| | Speaker : **Thang Lien** | |

*Join us to worship God in Spirit and Truth*

*The*

# CHURCH OF CHRIST

Meets at T.C. 27/225

Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**

**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

To

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378